14847
24/8/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - 2019-ലെ പ്രളയദുരന്തവുമായി ബന്ധപ്പെട്ട് ദുരന്ത ബാധിതകർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.24/2019/DMD   തീയതി,തിരുവനന്തപുരം, 23/08/2019

പരാമർശം:- സ.ഉ.(കൈ)നം.22/2019/ഡി.എം.ഡി. തീയതി 17.08.2019

<u>ഉത്തരവ്</u>

പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഓരോ ദുരന്ത ബാധിത കുടുംബത്തിനും 10,000/-രൂപ(പതിനായിരം രൂപ) വീതം അടിയന്തര ധനസഹായം നൽകുന്നതിന് മേൽ പരാമർശ പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിൽ അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിന് രണ്ടംഗ സമിതിയേയും ചുമതലപ്പെടുത്തിയിരുന്നു. ഓരോ ജില്ലയുടേയും ചുമതലയുള്ള താഴെപ്പറയുന്ന മന്ത്രിമാർ അതാത് ജില്ലകളുടെ ജില്ലാകളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് പ്രസ്തുത രണ്ടംഗ സമിതി തയ്യാറാക്കിയ പട്ടികയിൽ നിന്നും അർഹരായ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി 24.08.2019 നകം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

| ക്രമ നം. | ജില്ല | ചുമതലയുള്ള മന്ത്രി |
|---|---|---|
| 1 | തിരുവനന്തപുരം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 2 | കൊല്ലം | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ |
| 3 | പത്തനംതിട്ട | അഡ്വ. കെ.രാജു |
| 4 | ആലപ്പുഴ | ശ്രീ. ജി. സുധാകരൻ<br><br>ഡോ. ടി.എം.തോമസ് ഐസക്ക് |
| 5 | കോട്ടയം | ശ്രീ.പി.തിലോത്തമൻ |
| 6 | ഇടുക്കി | ശ്രീ. എം.എം. മണി |

| | | |
|---|---|---|
| 7 | എറണാകുളം | പ്രൊഫ. സി. രവീന്ദ്രനാഥ് |
| 8 | തൃശ്ശൂർ | ശ്രീ. എ.സി. മൊയ്തീൻ<br><br>അഡ്വ. വി.എസ്.സുനിൽകുമാർ |
| 9 | പാലക്കാട് | ശ്രീ. എ.കെ. ബാലൻ<br><br>ശ്രീ. കെ.കൃഷ്ണൻ കുട്ടി |
| 10 | മലപ്പുറം | ഡോ. കെ.ടി. ജലീൽ |
| 11 | കോഴിക്കോട് | ശ്രീ. ടി.പി. രാമകൃഷ്ണൻ,<br><br>ശ്രീ. എ.കെ. ശശീന്ദ്രൻ |
| 12 | വയനാട് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | കണ്ണൂർ | ശ്രീ. ഇ.പി. ജയരാജൻ, ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 14 | കാസർഗോഡ് | ശ്രീ. ഇ.ചന്ദ്രശേഖരൻ |

(2) അർഹരായ കുടുംബങ്ങൾക്കുള്ള സഹായധനം സെപ്തംബർ 7 നകം വിതരണം ചെയ്യേണ്ടതാണ്.

(3) വീടുകൾ പൂർണ്ണമായും തകർന്നതോ വാസയോഗ്യമല്ലാതാവുകയോ ചെയ്ത് നിലവിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയും പിന്നീട് പ്രസ്തുത ക്യാമ്പുകളിൽ നിന്നും മാറേണ്ടിവരുന്നതുമായ സാഹചര്യത്തിൽ അവർക്ക് താല്ക്കാലിക താമസ സൗകര്യം ഒരുക്കുന്നതിന് വേണ്ട ക്രമീകരണം ജില്ലാ കളക്ടർമാർ ചെയ്യേണ്ടതാണ്.

(4) വീടുകൾ പൂർണ്ണമായും തകർന്നതോ വാസയോഗ്യം അല്ലാതാവുകയോ ചെയ്ത് ക്യാമ്പുകളിൽ പേര് രജിസ്റ്റർ ചെയ്യുകയും പിന്നീട് ക്യാമ്പിന് പുറത്ത് പോയി താമസസൗകര്യം കണ്ടെത്തിയതുമായ കുടുംബങ്ങളുടെ കാര്യത്തിലും മേൽപ്പറഞ്ഞ രണ്ടംഗ സമിതി ബന്ധപ്പെട്ട ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാർ വിളിച്ചു ചേർക്കുന്ന യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിന്സിപ്പല് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

മന്ത്രിമാരുടെ പ്രൈവറ്റ്സെക്രട്ടറിമാർക്ക്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും
(ഭരണ വകുപ്പുകൾ മുഖേന)

പൊതുഭരണ (എസ് സി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ